**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2181** | **12-12-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന പ്ലാനിൽ നഗര സ്വഭാവമുള്ള പഞ്ചായത്തുകൾക്ക് മേഖല മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുതിയ സി.ആർ.ഇസെഡ്. വിജ്ഞാപനപ്രകാരം തീരദേശ പരിപാലന പ്ലാനിൽ നഗര സ്വഭാവമുള്ള പഞ്ചായത്തുകൾക്ക് മേഖല മാറ്റം നൽകാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ; | (എ) | തീരദേശ പരിപാലന വിജ്ഞാപനം 2011-ലെ വ്യവസ്ഥകളും അതുപ്രകാരമുള്ള തീരദേശ പരിപാലന പ്ലാനുമാണ് സംസ്ഥാനത്ത് നിലവിൽ ബാധകമായിട്ടുള്ളത്. 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18.01.2019-ൽ തീരദേശ പരിപാലന വിജ്ഞാപനം-2019 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ.<br><br>2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള തീരദേശ പരിപാലന അതോറിറ്റി സ്വീകരിച്ചു വരുന്നു.<br><br>ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ 2019 പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിക്കുകയും ടി വിദഗ്ദ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ വിശദമായി പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.<br><br>തീരദേശ നിയന്ത്രണത്തിൽ കൂടുതൽ ജനങ്ങൾക്ക് ആശ്വാസം കിട്ടാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**ജനസാന്ദ്രതയും നഗരസ്വഭാവം കൂടിയ CRZ IIIൽ ഉൾപ്പെട്ട തീരദേശ ഗ്രാമ പഞ്ചായത്തുകളെ** |

**CRZ II-ലേയ്ക്ക് തരം തിരിക്കുന്നതിനായി, 175 ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തി.** ഈ **175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം - പരിസ്ഥിതി -കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അനുവാദം നൽകി. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന 109 പഞ്ചായത്തുകൾക്ക് കൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും.**

**പൊക്കാളി പാടങ്ങളെ സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിനായി രൂപീകരിച്ച KCZMA യുടെ സബ് കമ്മിറ്റി സർപ്പിച്ച റിപ്പോർട്ടിലെ ശുപാർശ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് 2019 CRZ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പൊക്കാളി പാടങ്ങളിൽ വേലിയേറ്റ രേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 26.11.2021 ൽ ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം 1991- ന് മുമ്പ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർച്ചിട്ടുണ്ട്.**

**01.04.2022 ലെ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 10 Ha ൽ കൂടുതൽ വിസ്തൃതിയുള്ള ദ്വീപുകൾക്ക് മാത്രം IIMP തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ഉള്ളൂ എന്നും ഇത് സംബന്ധിച്ച് കൂടുതൽ മാർഗ്ഗ നിർദ്ദേശങ്ങൾ NCSCM തയ്യാറാക്കി പുറപ്പെടുവിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ IIMP തയ്യാറാക്കുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.**

കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP)-1996 പ്രകാരമുള്ള CRZ പരിധി സ്വീകരിക്കുവാൻ സംസ്ഥാനത്തെ അനുവദിക്കണമെന്ന് പരിസ്ഥിതി വകുപ്പ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കണ്ടൽകാടുകളുടെ വിസ്തൃതിയെ സംബന്ധിച്ച് കണ്ടൽ കാടുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ യഥാർത്ഥ വിസ്തൃതി കണ്ടെത്തുന്നതിനായി KCZMA യുടെ നിർദ്ദേശ പ്രകാരം കേരള വന ഗവേഷണ

| | | | |
|---|---|---|---|
| | | | കേന്ദ്രം കേരളത്തിലെ തീരദേശ ജില്ലകളിൽ പഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തീരദേശ നിയന്ത്രണത്തിൽ കൂടുതൽ ജനങ്ങൾക്ക് ആശ്വാസം കിട്ടാൻ പരിസ്ഥിതി വകുപ്പ് സ്വീകരിക്കുന്ന നടപടിയെ കുറിച്ച് വിശദമാക്കുമോ; | (ബി) | തീരദേശ പരിപാലന വിജ്ഞാപനം 2011-ലെ വ്യവസ്ഥകളും അതുപ്രകാരമുള്ള തീരദേശ പരിപാലന പ്ലാനുമാണ് സംസ്ഥാനത്ത് നിലവിൽ ബാധകമായിട്ടുള്ളത്. 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18.01.2019-ൽ തീരദേശ പരിപാലന വിജ്ഞാപനം-2019 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ.<br><br>2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള തീരദേശ പരിപാലന അതോറിറ്റി സ്വീകരിച്ചു വരുന്നു.<br><br>ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ 2019 പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ഒരു വിദഗ്ധ സമിതി സർക്കാർ രൂപീകരിക്കുകയും ടി വിദഗ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ വിശദമായി പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.<br><br>തീരദേശ നിയന്ത്രണത്തിൽ കൂടുതൽ ജനങ്ങൾക്ക് ആശ്വാസം കിട്ടാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**ജനസാന്ദ്രതയും നഗരസ്വഭാവം കൂടിയ CRZ IIIൽ ഉൾപ്പെട്ട തീരദേശ ഗ്രാമ പഞ്ചായത്തുകളെ CRZ II-ലേയ്ക്ക് തരം തിരിക്കുന്നതിനായി, 175 ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തി.** ഈ **175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം - പരിസ്ഥിതി -കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അനുവാദം നൽകി. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന 109** |

| | | | |
|---|---|---|---|
| | | | **പഞ്ചായത്തുകൾക്ക് കൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും.**<br><br>**പൊക്കാളി പാടങ്ങളെ സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിനായി രൂപീകരിച്ച KCZMA യുടെ സബ് കമ്മിറ്റി സർപ്പിച്ച റിപ്പോർട്ടിലെ ശുപാർശ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് 2019 CRZ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പൊക്കാളി പാടങ്ങളിൽ വേലിയേറ്റ രേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 26.11.2021 ൽ ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം 1991- ന് മുമ്പ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.**<br><br>**01.04.2022 ലെ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 10 Ha ൽ കൂടുതൽ വിസ്തൃതിയുള്ള ദ്വീപുകൾക്ക് മാത്രം IIMP തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ഉള്ളൂ എന്നും ഇത് സംബന്ധിച്ച് കൂടുതൽ മാർഗ്ഗ നിർദ്ദേശങ്ങൾ NCSCM തയ്യാറാക്കി പുറപ്പെടുവിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ IIMP തയ്യാറാക്കുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.**<br><br>കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP)-1996 പ്രകാരമുള്ള CRZ പരിധി സ്വീകരിക്കുവാൻ സംസ്ഥാനത്തെ അനുവദിക്കണമെന്ന് പരിസ്ഥിതി വകുപ്പ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കണ്ടൽകാടുകളുടെ വിസ്തൃതിയെ സംബന്ധിച്ച് കണ്ടൽ കാടുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ യഥാർത്ഥ വിസ്തൃതി കണ്ടെത്തുന്നതിനായി KCZMA യുടെ നിർദ്ദേശ പ്രകാരം കേരള വന ഗവേഷണ കേന്ദ്രം കേരളത്തിലെ തീരദേശ ജില്ലകളിൽ പഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | 2021-ലെ വിജ്ഞാപനപ്രകാരം നഗര സ്വഭാവമുള്ള എത്ര പഞ്ചായത്തുകളെയാണ് ഗ്രേഡ് എ ആയി തരം തിരിച്ചിട്ടുള്ളത്; ഇവയിൽ സി.ആർ.ഇസെഡ്. 3 ബാധകമായ പഞ്ചായത്തുകളെ ഇളവുകളുള്ള സി.ആർ.ഇസെഡ്. 2 ൽ ഉൾപ്പെടുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | തീരദേശ പരിപാലന വിജ്ഞാപനം 2011-ലെ വ്യവസ്ഥകളും അതുപ്രകാരമുള്ള തീരദേശ പരിപാലന പ്ലാനുമാണ് സംസ്ഥാനത്ത് നിലവിൽ ബാധകമായിട്ടുള്ളത്. 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18.01.2019-ൽ തീരദേശ പരിപാലന വിജ്ഞാപനം-2019 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം- |

കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ.

2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള തീരദേശ പരിപാലന അതോറിറ്റി സ്വീകരിച്ചു വരുന്നു.

ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ 2019 പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിക്കുകയും ടി വിദഗ്ദ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ വിശദമായി പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

തീരദേശ നിയന്ത്രണത്തിൽ കൂടുതൽ ജനങ്ങൾക്ക് ആശ്വാസം കിട്ടാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

**ജനസാന്ദ്രതയും നഗരസ്വഭാവം കൂടിയ CRZ IIIൽ ഉൾപ്പെട്ട തീരദേശ ഗ്രാമ പഞ്ചായത്തുകളെ CRZ II-ലേയ്ക്ക് തരം തിരിക്കുന്നതിനായി, 175 ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തി.** ഈ **175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം -പരിസ്ഥിതി -കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അനുവാദം നൽകി. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന 109 പഞ്ചായത്തുകൾക്ക് കൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും.**

**പൊക്കാളി പാടങ്ങളെ സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിനായി രൂപീകരിച്ച KCZMA യുടെ സബ് കമ്മിറ്റി സർപ്പിച്ച റിപ്പോർട്ടിലെ ശുപാർശ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് 2019 CRZ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പൊക്കാളി പാടങ്ങളിൽ വേലിയേറ്റ രേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 26.11.2021 ൽ ഭേദഗതി**

| | | | |
|---|---|---|---|
| | | | **പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം 1991- ന് മുമ്പ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർച്ചിട്ടുണ്ട്.**<br><br>**01.04.2022 ലെ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 10 Ha ൽ കൂടുതൽ വിസ്തൃതിയുള്ള ദ്വീപുകൾക്ക് മാത്രം IIMP തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ഉള്ളൂ എന്നും ഇത് സംബന്ധിച്ച് കൂടുതൽ മാർഗ്ഗ നിർദ്ദേശങ്ങൾ NCSCM തയ്യാറാക്കി പുറപ്പെടുവിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ IIMP തയ്യാറാക്കുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.**<br><br>കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP)-1996 പ്രകാരമുള്ള CRZ പരിധി സ്വീകരിക്കുവാൻ സംസ്ഥാനത്തെ അനുവദിക്കണമെന്ന് പരിസ്ഥിതി വകുപ്പ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കണ്ടൽകാടുകളുടെ വിസ്തൃതിയെ സംബന്ധിച്ച് കണ്ടൽ കാടുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ യഥാർത്ഥ വിസ്തൃതി കണ്ടെത്തുന്നതിനായി KCZMA യുടെ നിർദ്ദേശ പ്രകാരം കേരള വന ഗവേഷണ കേന്ദ്രം കേരളത്തിലെ തീരദേശ ജില്ലകളിൽ പഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ